**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3677** **02-03-2023 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് സുരക്ഷയ്ക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഈ സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനം വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മോട്ടോർ വാഹന വകുപ്പിനു കീഴിൽ നടത്തുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വിശകലനം ചെയ്ത് തുടർ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിച്ച് അപകടത്തിൽപ്പെടുന്നത് കൂടുതലായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ "**റോഡ് സുരക്ഷ**" സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി ഉപയോഗം നിമിത്തം വാഹനാപകടങ്ങൾ വർദ്ധിപ്പിക്കുന്നതിനെതിരെ ലഹരിവിരുദ്ധ ബോർഡുകൾ സ്ഥാപിച്ചും, ലഹരിവിരുദ്ധ സന്ദേശങ്ങൾ നല്കിയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഗതാഗത നിയമങ്ങളെക്കുറിച്ചും അത് പാലിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ, റോഡ് ഷോകൾ, ഷോർട്ട് ഫിലിം പ്രദർശനം, നവമാധ്യമങ്ങൾ വഴിയും റേഡിയോ/ടെലിവിഷൻ വഴിയും സന്ദേശങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. പൊതുനിരത്തുകളിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. |
| (ബി) | പൊതുനിരത്തിൽ ഓടുന്ന വാഹനങ്ങളിൽ നിന്നുള്ള ശബ്ദമലിനീകരണം തടയുന്നതിനായി നടപ്പാക്കുന്ന ഓപ്പറേഷൻ സൈലൻസ് പദ്ധതിയുടെ | (ബി) | ഓപ്പറേഷൻ സൈലൻസ് എന്ന സ്പെഷ്യൽ ഡ്രൈവിൽ ഇരുചക്ര വാഹനങ്ങളിൽ അനധികൃത രൂപമാറ്റം വരുത്തിയതിന് 2092 കേസുകളിലായി 1,06,10,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | | ശബ്ദ, വായുമലിനീകരണം നടത്തിയതിന് 1460 കേസുകളിലായി 29,92,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. |
| (സി) | സുരക്ഷയിൽ വീഴ്ച വരുത്തുന്ന സ്കൂൾ വാഹനങ്ങളെ കണ്ടെത്തുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും പുതിയ പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സുരക്ഷയിൽ വീഴ്ച വരുത്തുന്ന സ്കൂൾ വാഹനങ്ങളെ കണ്ടെത്തുന്നതിനു ടി സ്ഥാപനങ്ങളിൽ മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥർ നേരിട്ടെത്തി പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. ടി വാഹനങ്ങളിലെ VLTD സുരക്ഷാ മിത്ര എന്ന സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുകയും ആയതു വഴി വാഹനങ്ങളുടെ ലൊക്കേഷൻ, വേഗത തുടങ്ങിയ വിവരങ്ങൾ ഓഫീസിൽ നേരിട്ടു മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ സ്കൂൾ വാഹനങ്ങളുടെ വിവരങ്ങൾ രക്ഷാകർത്താക്കൾക്ക് അറിയുന്നതിനായി വിദ്യാവാഹൻ എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ